# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T7617 15.07.2014 ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>ശ്രീ. സി. കൃഷ്ണൻ:<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാനുള്ള സർക്കാർ നടപടികൾ തൃപ്തികരമല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | നിരീക്ഷിച്ചതായി അറിയില്ല |
| (ബി) | ദുരിതബാധിതരുടെ ക്ഷേമത്തിനായി ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും സാമ്പത്തികസഹായമുൾപ്പെടെയുള്ളവ യഥാസമയം നൽകുന്നതിൽ സർക്കാർ വീഴ്ച വരുത്തിയെന്നും കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും | ദുരിതബാധിതരുടെ ക്ഷേമത്തിനായി ധാരാളം ആശ്വാസനടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ പെൻഷൻ, പൂർണ്ണമായ സൗജന്യ ചികിത്സ, ദുരിതബാധിതർക്ക് ബി.പി.എൽ കാർഡ്, സൗജന്യ റേഷൻ തുടങ്ങിയവ ക്ഷേമപദ്ധതികൾക്കൊപ്പം തന്നെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തികസഹായവും അർഹരായവർക്ക് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 7 ഓളം കേസുകൾ നിലവിലുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരിൽ അർഹതയില്ലാത്തവർക്ക് സഹായങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന കാര്യവും കോടതി പരിഗണയിൽ ഉണ്ട്. ഇക്കാര്യങ്ങൾ വളരെ സൂക്ഷമായി പരിശോധിച്ച് അർഹതയുള്ളവരെമാത്രം ലിസ്റ്റിൽ ഉൾപ്പെടുത്തി ആശ്വാസ നടപടികൾ സ്വീകരിക്കുകയുമാണ് സർക്കാർ ചെയ്തുവരുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും എതിരായിട്ടുള്ള പരാമർശം ഉള്ളതായി അറിയില്ല. |
| (സി) | ഇതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | | |
| (ഡി) | പുനരധിവാസ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ